*വി. കൊച്ചുത്രേസ്യാ ദേവാലയം*

*വെള്ളയമ്പലം*

*01.10.2009*

# ''ഇത്രചെറുതാകാൻ എത്ര വളരേണം''

നമ്മുടെ രൂപതാമദ്ധ്യസ്ഥയും വെള്ളയമ്പലം ഇടവക മദ്ധ്യസ്ഥയുമായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾദിനമാണിന്ന്. വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ ആദ്ധ്യാത്മിക ശിശുത്വത്തിന്റെ സന്ദേശം ഇത്രയേറെ ശക്തവും ഹൃദയസ്പർശിയുമായ രീതിയിൽ സ്വന്തം ജീവിതത്തിൽ പകർത്തിക്കാണിച്ച മറ്റൊരു വ്യക്തിയെ സഭാചരിത്രത്തിൽ കാണാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഈ ആദ്ധ്യാത്മിക ശിശുത്വത്തിന്റെ പരാമർശങ്ങളാണ് ഇന്നത്തെ വായനകളിലുമുള്ളത്. ആദ്യത്തെ ലേഖനത്തിൽ നാം ഇപ്രകാരം വായിച്ചുകേട്ടു: ''അമ്മയെപ്പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും'' (ഏശ. 66, 13). നീ മാറിൽ സംവഹിക്കപ്പെടുകയും മടിയിൽ വച്ച് ലാളിക്കപ്പെടുകയും ചെയ്യും (ഏശ. 66, 12). ഈ സുരക്ഷിതത്വവും സ്നേഹവും പരിലാളനയും നമുക്കും ലഭിക്കണമെങ്കിൽ ശിശുസഹജമായ നിഷ്ക്കളങ്കതയോടെ എപ്പോഴും ദൈവ തിരുമുമ്പിൽ വ്യാപരിക്കാൻ നമുക്കു സാധിക്കണം. ഈ സന്ദേശത്തിന്റെ അലയടികൾ തന്നെയാണ് ഇന്നത്തെ സുവിശേഷത്തിലും നാം ശ്രവിച്ചത്. ''നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ഈ ശിശുവിനെപ്പോലെ ഏറ്റവും ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ'' (മത്ത. 18, 3-4). യേശുവിന്റെ ഈ വചനങ്ങൾ കേൾക്കുമ്പോൾ നിക്കോദേമൂസിനെപ്പോലെ നാമും ഒരുപക്ഷേ ചോദിച്ചുപോകും: ''പ്രായമായ മനുഷ്യന് ഇത് എങ്ങനെ സാധിക്കും? അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് അവന് ജനിക്കാൻ കഴിയുമോ?'' (യോഹ. 3, 4). എങ്ങനെ ശിശുവാകാൻ സാധിക്കും? എങ്ങനെ ചെറുതാകാൻ സാധിക്കും? ഇതിനു ഉത്തരമാണ് വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതം.

''ഇത്ര ചെറുതാകാൻ എത്ര വളരേണം'' എന്ന ഒരു ഗാനം നാം ഏറ്റു പാടാറുണ്ട്. സ്വാഭാവികമായും എല്ലാവരും വലുതായിക്കൊണ്ടിരിക്കുന്നു; എല്ലാ തലങ്ങളിലും വലുതാകാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതുകൊണ്ട് വലുതാകുക താരതമ്യേന എളുപ്പമാണ്. ചെറുതാകുന്നതാണ് പ്രയാസം. ചെറുതാകാൻ നാം വളരെയേറെ വളരേണ്ടിയിരിക്കുന്നു. ദൈവരാജ്യത്തിലെത്തിച്ചേരാൻ, രക്ഷ പ്രാപിക്കാൻ നാം ചെറുതായേ മതിയാവൂ. എങ്ങനെ ചെറുതാകണമെന്ന് നമുക്കു കാണിച്ചു തരാനാണ് യേശു ഈ ലോകത്തിലേക്കുവന്നത്. ഏശയ്യാ പ്രവാചകന്റെ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ആകാശം ദൈവത്തിന്റെ സിംഹാസനം, ഭൂമി അവിടുത്തെ പാദപീഠം. ഇങ്ങനെ സ്വർഗ്ഗത്തിനും സ്വർഗ്ഗാധിസ്വർഗ്ഗങ്ങൾക്കുപോലും ഉൾക്കൊള്ളാനാവാത്ത ദൈവം അങ്ങേയറ്റം ചെറുതാകുന്നതാണ് യേശുവിൽ നമുക്കു കാണാൻ സാധിക്കുന്നത്. ഫിലിപ്പിയാക്കാർക്കുള്ള ലേഖനത്തിൽ നാം വായിക്കുന്നതുപോലെ, ''ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിറുത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ - അതെ കുരിശുമരണം വരെ - അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി'' (ഫിലി. 2, 6-9). സ്വയം താഴ്ത്തുന്നവരെ മാത്രമേ ദൈവം ഉയർത്തുകയുള്ളൂ. ശിശുക്കളെപ്പോലെ സ്വയം ചെറുതാകുന്നവർ മാത്രമേ രക്ഷപ്രാപിക്കുകയുള്ളൂ; സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയുള്ളൂ. തന്റെ ജീവിതമാതൃകയിലൂടെ ഈ പാഠം നമ്മെ പഠിപ്പിക്കുവാനാണ് യേശു ഈ ലോകത്തിലേക്കു വന്നത്.

ചെറുതാകാൻ സന്നദ്ധതയുള്ളവരെയാണ് യേശു തന്റെ ശിഷ്യന്മാരാകാൻ വിളിക്കുന്നത്. യേശുവിനെ അനുഗമിക്കാനാഗ്രഹിച്ച ഒരുവനോട് അവിടുന്നു പറഞ്ഞതിതാണ്. എന്നെപ്പോലെ ചെറുതാകാൻ മനസ്സുണ്ടെങ്കിൽ നീ എന്നെ അനുഗമിച്ചാൽ മതി: ''കുറുനരികൾക്ക് മാളങ്ങളും ആകാശത്തിലെ പക്ഷികൾക്ക് കൂടുകളുമുണ്ട്. മനുഷ്യപുത്രനു തല ചായ്ക്കാൻ ഇടമില്ല'' (ലൂക്കാ. 9, 58). കുടുംബ ബന്ധങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ട് കുറെക്കൂടി സാവകാശം ചോദിച്ചവർക്ക് ശിഷ്യരാകാൻ ഉറ്റബന്ധങ്ങൾ പരിത്യജിക്കാൻ സന്നദ്ധരായിരിക്കണമെന്ന ഉപദേശമാണ് യേശു നല്കിയത്. ഉള്ളതെല്ലാം പരിത്യജിച്ചുകൊണ്ട് സ്വയം ചെറുതായിക്കൊണ്ട് തന്റെ ശിഷ്യനായിത്തീരുവാൻ യേശു ധനികനായ യുവാവിനെയും ക്ഷണിച്ചു. എന്നാൽ ചെറുതാകാൻ മനസ്സില്ലാത്ത അവൻ വളരെയേറെ സമ്പത്തുണ്ടായിരുന്നിട്ടും വിഷാദത്തോടുകൂടി യേശുവിന്റെ സന്നിധിയിൽ നിന്നും പൊയ്ക്കളയുകയാണ് ചെയ്തത്. ചെറുതാകാൻ, ശൂന്യനാകാൻ, ഈ ശൂന്യതയുളവാക്കുന്ന വേദന സഹിക്കുവാൻ മനസ്സില്ലാത്തവർ യേശുവിന്റെ ശിഷ്യന്മാരെന്നു പറയുന്നതിൽ അർത്ഥമില്ല. ''ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ'' (മത്താ. 16, 24). എന്നാണല്ലോ യേശു അരുൾചെയ്തിട്ടുള്ളത്. ചെറുതാകാതെ, ശിശുവാകാതെ യേശുവിനെ അനുഗമിക്കുവാൻ ആർക്കും സാദ്ധ്യമല്ല. അതുകൊണ്ടാണ് തന്റെ ശിഷ്യന്മാരെയെല്ലാം ശിശുക്കളായി വിശേഷിപ്പിച്ചുകൊണ്ട് യേശു പിതാവിനെ സ്തുതിക്കുന്നത്. ''സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങളെല്ലാം ബുദ്ധിമാന്മാരിലും വിവേകികളിലും നിന്നും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു'' (മത്താ. 11, 25).

ഇതൊക്കെയാണെങ്കിലും സുവിശേഷം ഒരാവർത്തി വായിച്ചാൽ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നിതിതാണ്. യേശു തിരഞ്ഞെടുത്ത ശിഷ്യന്മാർക്കുപോലും അവസാനം വരെ ചെറുതാകേണ്ടതിന്റെ പ്രാധാന്യം എന്താണെന്ന് വേണ്ടവിധത്തിൽ മനസ്സിലായിട്ടില്ല എന്നാണ്. എല്ലാം പരിത്യജിച്ച് യേശുവിനെ അനുഗമിച്ചവരാണ് ഈ ശിഷ്യന്മാരെങ്കിലും സ്ഥാനമാനങ്ങൾക്കായുള്ള മോഹം, മറ്റുള്ളവരെക്കാൾ വലിയവരാകുവാനുള്ള ആഗ്രഹം ഹൃദയത്തിൽ വച്ചു സൂക്ഷിച്ചവരായിരുന്നു ഈ ശിഷ്യന്മാരെല്ലാം. യേശു പത്രോസിന് എന്തോ ചില പരിഗണന കൊടുക്കുന്നതായിതോന്നിയപ്പോൾ സെബദിപുത്രന്മാരായ യാക്കോബിനും യോഹന്നാനും അതു തീരെ ഇഷ്ടപ്പെട്ടില്ല. അവർ ശുപാർശക്കായി തങ്ങളുടെ മാതാവായ സലോമിയെ യേശുവിന്റെ പക്കലേക്കു കൊണ്ടു വന്നു. അമ്മ വന്നു യേശുവിനോടു ഇപ്രകാരം അഭ്യർത്ഥിച്ചു; ''നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടു പുത്രന്മാരിൽ ഒരുവൻ നിന്റെ വലത്തുവശത്തും അപരൻ നിന്റെ ഇടത്തുവശത്തും ഇരിക്കുന്നതിനു കല്പിക്കേണമേ'' (മത്താ. 20, 21). ഇതുകേട്ടപ്പോൾ ബാക്കി പത്തുപേർക്കും ആ സഹോദരന്മാരോട് അമർഷം തോന്നി. എന്നാൽ യേശു അവരെ അടുത്തു വിളിച്ച് ഇപ്രകാരം പറഞ്ഞു: വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും, അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും, നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം. ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ'' (മത്താ. 20, 24-28). ഇവിടെയും വലിയവനാകാൻ ആഗ്രഹിക്കുന്ന, അതിനായി മത്സരിക്കുന്ന ശിഷ്യന്മാരെ ചെറിയവരാകാൻ, ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ശിശുക്കളായിത്തീരുവാനാണ് യേശു ഉപദേശിക്കുന്നത്. ''നീ എത്രമാത്രം ഉന്നതനാണോ അത്രമാത്രം വിനീതനാവുക'' (പ്രഭാ. 3, 18) എന്നതാണ് പ്രഭാഷകനും നമുക്ക് നൽകുന്ന ഉപദേശം.

ക്ലെമന്റ് പതിന്നാലാമൻ മാർപ്പാപ്പയുടെ (1705-1774) ജീവിതത്തിലെ ഒരു സംഭവം ഓർത്തുപോവുകയാണ്. അദ്ദേഹത്തിന്റെ കിരീടധാരണ ദിവസം അദ്ദേഹത്തെ സന്ദർശിക്കാനും അദ്ദേഹത്തോടു ബഹുമാനാദരവുകൾ പ്രകടിപ്പിക്കാനും രാജാക്കന്മാരുൾപ്പെടെ ഒട്ടേറെ വിശിഷ്ടാതിഥികൾ വന്നിട്ടു ായിരുന്നു. കിരീടധാരണത്തിനുശേഷം മാർപ്പാപ്പയെ അഭിവാദ്യം ചെയ്യാനായി രണ്ടു നിരയായി നിന്ന ഈ വിശിഷ്ടാതിഥികളോട് കുശലാന്വേഷങ്ങൾ നടത്തിക്കൊണ്ട് മാർപ്പാപ്പ കടന്നുവന്നു. അവർ ഓരോരുത്തരായി മാർപ്പാപ്പയുടെ മുമ്പിൽ തലകുനിച്ച് ആചാരം ചെയ്തു. ആരൊക്കെ തന്റെ മുമ്പിൽ തലകുനിച്ചുവോ അവരുടെ മുമ്പിൽ മാർപ്പാപ്പയും തലകുനിച്ചു. ഇതു കണ്ടു നിന്ന ഒരു കർദ്ദിനാൾ അദ്ദേഹത്തെ ഇപ്രകാരം ഉപദേശിച്ചു: ''അങ്ങ് ഇപ്പോൾ മാർപ്പാപ്പയാണ്. ഇവിടുത്തെ ആചാരക്രമമനുസരിച്ചു മാർപ്പാപ്പ മറ്റുള്ളവരുടെ മുമ്പിൽ തല കുനിക്കേണ്ടതില്ല''. ഇതിന് മാർപ്പാപ്പ നല്കിയ മറുപടി ഇതായിരുന്നു: ''ക്ഷമിക്കണം മാന്യമായി പെരുമാറേണ്ടത് എങ്ങനെയാണെന്ന് മറക്കുവാൻ മാത്രം കാലം ഞാൻ മാർപ്പാപ്പയായി ഇരുന്നിട്ടില്ലല്ലോ''. അധികാരത്തിന്റെ പടവുകൾ കയറുമ്പോൾ പലരും മാന്യത മറക്കുന്നു. എന്നാൽ ക്ലെമന്റ് മാർപ്പാപ്പാ അധികാരം കിട്ടിയെന്നുവച്ച് മാന്യത നഷ്ടപ്പെടുത്തിയില്ല. ''ദാസന്മാരുടെ ദാസനാണെന്ന്'' സ്വയം വിശേഷിപ്പിക്കുന്ന മാർപ്പാപ്പയ്ക്ക് എല്ലാവരുടെയും മുമ്പിൽ ചെറുതാകാൻ അറിയാമായിരുന്നു.

ഇനി ശിഷ്യന്മാരുടെ കാര്യത്തിലേക്കു തന്നെ വരാം. ചെറുതാകുന്നതിനെക്കുറിച്ച് യേശുവിൽ നിന്ന് ഏതാണ്ട് മൂന്നു കൊല്ലക്കാലം ഉപദേശങ്ങൾ കിട്ടിയിട്ടും യേശു ആഗ്രഹിച്ച പാഠം അവർ പഠിച്ചുവോ? ഇല്ല എന്നു തന്നെയാണ് സുവിശേഷം നമുക്കു നല്കുന്ന ഉത്തരം. യേശുവിന്റെ പീഡാനുഭവത്തിനും മരണത്തിനും തൊട്ടുമുമ്പുള്ള ദിവസങ്ങളിലും തങ്ങളിൽ വലിയവൻ ആരാണ് എന്നതിനെ ചൊല്ലിയാണ് അവർ തർക്കിക്കുന്നത്. അന്ത്യ അത്താഴസമയത്തും ഇതുതന്നെ സംഭവിച്ചു. ലൂക്കായുടെ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''തങ്ങളിൽ വലിയവൻ ആരാണ് എന്നൊരു തർക്കം അവരുടെ ഇടയിൽ ഉണ്ടായി'' (ലൂക്ക. 22, 24). ഇതു കണ്ട് മനോവേദനയോടെ യേശു അവരോടു ചോദിച്ചു: ''ആരാണ് വലിയവൻ, ഭക്ഷണത്തിനിരിക്കുന്നവനോ, പരിചാരകനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലേ? ഞാനാകട്ടെ നിങ്ങളുടെ ഇടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്'' (ലൂക്ക. 20, 27). എന്നിട്ട് യേശു വീണ്ടും അവരെ ഇപ്രകാരം ഉപദേശിച്ചു: ''നിങ്ങളിൽ ഏറ്റവും വലിയവൻ ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം'' (ലൂക്കാ. 20, 26). ഈ ഉപദേശത്തിലൂടെ പുതിയ ഒരു സാമൂഹ്യ സംവിധാനവും മനുഷ്യ ദർശനവുമാണ് യേശു അവതരിപ്പിക്കുന്നത്. വലിപ്പച്ചെറുപ്പത്തിന്റെ അളവുകോൽ അധികാരമല്ലെന്നും അതു സേവനമാണെന്നും യേശു പഠിപ്പിക്കുന്നു. ജീവിതം സേവനത്തിനുള്ളതാണെന്നും ജീവിത ലക്ഷ്യം ദൈവരാജ്യമാണെന്നുമുള്ള അവബോധം നമ്മിലുളവാകുമ്പോൾ അധികാരത്തിനുവേണ്ടിയുള്ള വടംവലി ഉണ്ടാവുകയില്ല; വലിപ്പച്ചെറുപ്പത്തിന്റെ അഹന്തയും ആരും പ്രകടിപ്പിക്കുകയില്ല. സേവനത്തിലൂടെ നന്മയുടെ അംശങ്ങൾ പരിപോഷിപ്പിച്ചുകൊണ്ട് ദൈവരാജ്യത്തിനു രൂപം കൊടുക്കുവാൻ ആരുടെ മുമ്പിലും ചെറുതാകാൻ നാം സന്നദ്ധരാകും. മൂന്നുകൊല്ലക്കാലം ഈ സത്യം പഠിപ്പിച്ചിട്ടും അതു മനസ്സിലാക്കാത്ത ശിഷ്യന്മാർക്ക് അവസാനം അവർ എന്നും ഓർത്തിരിക്കുവാൻ യേശു മഹനീയമായ ഒരു മാതൃക നല്കുന്നു. ദൈവം തന്നെയായ യേശു താലത്തിൽ വെള്ളമെടുത്ത് അവരുടെ പാദങ്ങൾ കഴുകി തുടച്ചശേഷം അവരോടു പറഞ്ഞു: ''നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ ഞാൻ

നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു'' (യോഹ. 13, 14-15).

''ഇത്ര ചെറുതാകാൻ എത്രവളരേണം''. യേശുവിന്റെ സന്ദേശം മുഴുവൻ ഉൾക്കൊള്ളുന്ന അർത്ഥവത്തായ വാക്കുകളാണിവ. ചെറുതാകുന്നതു എളുപ്പമായി നമുക്കുതോന്നും എന്നാൽ പ്രയോഗത്തിൽ ആയാസകരമായ ഒരു കാര്യമാണിത്. അതിനു നാം കുറെയേറെ വളരേണ്ടിയിരിക്കുന്നു; കുറെയേറെ സഹിക്കേണ്ടിവരും. മൂന്നുകൊല്ലം ദൈവമായ യേശുതന്നെ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചിട്ടും അവർക്ക് ഇതു ഗ്രഹിക്കുവാൻ പ്രയാസമായിരുന്നെങ്കിൽ നമ്മുടെ സ്ഥിതി എന്താണ്? ആദ്ധ്യാത്മിക ശിശുത്വത്തിന്റെ സന്ദേശം തന്റെ ജീവിതത്തിലൂടെ നമുക്ക് ഒന്നുകൂടി ജീവിതത്തിലൂടെ വ്യക്തമാക്കിത്തന്ന വിശുദ്ധ കൊച്ചുത്രേസ്യായ്ക്കും ചെറുതാകുകയെന്നത് അത്ര എളുപ്പമുള്ള ഒരു കാര്യമായിതീരുന്നില്ല. എന്നാൽ പ്രയാസമുള്ള ഈകാര്യത്തെ ഒരു കുറുക്കുവഴിയിലൂടെ അവൾ എളുപ്പമുള്ളതാക്കിത്തീർത്തു. സ്വന്തം പരിമിതികളെക്കുറിച്ചുള്ള അവബോധത്തോടുകൂടി ശിശു അമ്മയെ ആശ്രയിക്കുന്നതുപോലെ അവർ സദാദൈവത്തിൽ ആശ്രയിച്ചു, ഇതാണ് വിശുദ്ധ കൊച്ചുത്യേസ്യായുടെ കുറുക്കുവഴി. അമ്മയെപ്പോലെ ആശ്വസിപ്പിക്കുന്ന, മാറിൽ സംവഹിക്കുകയും മടിയിൽ വച്ചു ലാളിക്കുകയും ചെയ്യുന്ന ഒരു ദൈവം കൂടെയുള്ളപ്പോൾ നമുക്കു പിന്നെ ആരെയും ഭയപ്പെടാനില്ല. എങ്ങനെ ചെറിയവരായിത്തീരാം? ശിശുക്കളായിത്തീരാം? ഇതിന് ഉത്തരം വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്വയം കൃത ചരിത്രത്തിലുണ്ട്. വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ മനസ്സു തിരിച്ച് ശിശുക്കളെപ്പോലെയാകാൻ വേണ്ട കൃപാവരങ്ങൾ നാമോരോരുത്തരുടെയും മേൽ സമൃദ്ധമായി വർഷിക്കേണമെയെന്ന് ഈ ദിവ്യബലിയർപ്പിച്ചു കൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.